പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 3627 | 12.12.2014- ൽ മറുപടി<br>നല്കേണ്ടിയിരുന്നത്. |
|---|---|

## പ്രതീക്ഷാലയങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഇംഹാൻസിന്റെ നേതൃത്തിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനം ലക്ഷ്യമിട്ട് മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാലയങ്ങൾ ഫണ്ടിന്റെ അപര്യാപ്തത മൂലം അടച്ചുപൂട്ടൽ ഭീഷിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഫണ്ടിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ബി) | ഓരോ വർഷവും ജില്ലയിലെ പ്രതീക്ഷാലയങ്ങൾക്ക് എൻ. ആർ. എച്ച്. എം-ന്റെ ഫണ്ട് എത്രയാണ് ലഭിക്കുന്നത്; കണക്കുകൾ വിശദമാക്കാമോ; | ബി) | കമ്മ്യൂണിറ്റി ഡെവലപ്മെന്റൽ ഡിസബെലിറ്റി പ്രോഗ്രാം (സി. ഡി. ഡി. പി) പ്രകാരം, മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ് എന്നീ ജില്ലകൾക്കായി ഒരുമിച്ചാണ് ഫണ്ട് അനുവദിക്കുന്നത്. അനുവദിച്ച ഫണ്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു. |

| വർഷം | അനുവദിച്ച തുക | അനുവദിച്ചത് |
|---|---|---|
| 2012-13 | 22,53,000 രൂപ | എൻ. ആർ. എച്ച്. എം. |
| 2013-14 | 27,72,400 രൂപ | " |
| 2014- 15 | Nil | - |

| | | | |
|---|---|---|---|
| സി) | എൻ. ആർ. എച്ച്. എം. ഫണ്ട് ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | 2014-15 വർഷത്തിലേക്കായി ഇംഹാൻസ് സമർപ്പിച്ച പ്രൊപ്പോസലിന് എൻ. ആർ. എച്ച്. എം-ന്റെ അംഗീകാരം ലഭ്യമായിട്ടില്ല. |
| ഡി) | എൻ. ആർ. എച്ച്. എം. ഫണ്ട് വൈകുന്ന പക്ഷം സംസ്ഥാന സർക്കാരിന്റെ പ്രത്യേക സഹായം | ഡി) | ഫണ്ടിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, കമ്മ്യൂണിറ്റി ഡെവലപ്മെന്റൽ ഡിസബെലിറ്റി പ്രോഗ്രാം (സി. ഡി. ഡി. പി) |

| | | | |
|---|---|---|---|
| | ലഭ്യമാക്കി ജില്ലയിലെ പതിനായിരത്തോളം ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആശ്വാസമേകി സി ഡി ഡി പി സെന്ററുകളെ നിലനിർത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | ഉൾപ്പെടെ ഇംഹാൻസ് നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങൾക്കുള്ള അടിയന്തിര ധന സഹായം എന്ന നിലയിൽ 50 ലക്ഷം രൂപ എൻ. ആർ. എച്ച്. എം-ൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ